LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധന മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം

27 (*356) ഡോ. കെ. ടി. ജലീൽ:

ശ്രീമതി യു. പ്രതിഭ:

ശ്രീമതി കാനത്തിൽ ജമീല:

ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിന്റെയും നവീകരണത്തിന്റെയും ഭാഗമായി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി എത്ര ഹാർബറുകൾ കമ്മീഷൻ ചെയ്യുവെന്നും ഏതെല്ലാം ഹാർബറുകളാണ് നവീകരിച്ചതെന്നും അറിയിക്കുമോ;

&

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സൗകര്യാർത്ഥം അടിസ്ഥാനസൗകര്യ വികസനത്തിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നെന്ന് അറിയിക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണത്തിന്റെയും നവീകരണത്തിന്റെയും ഭാഗമായി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കമ്മീഷൻ ചെയ്തതും നവീകരിച്ചതുമായ ഹാർബറുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) കിഫ്ബി ഫണ്ടുപയോഗിച്ച് പരപ്പനങ്ങാടിയിലും ചെത്തിയിലും നിർമ്മിക്കുന്ന പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

കിഫ്ബി ഫണ്ടുപയോഗിച്ച് പരപ്പനങ്ങാടിയിൽ നിർമ്മിക്കുന്ന മത്സ്യബന്ധന തുറമുഖത്തിന്റെ തെക്കെ പുലിമുട്ടിന്റെ നീളം 635 മീറ്ററും (ആകെ 1410 മീറ്റർ) വടക്കെ പുലിമുട്ടിന്റെ നീളം 530 മീറ്ററും (ആകെ 785 മീറ്റർ) പൂർത്തീകരിച്ചു. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായുള്ള ദർഘാസിന് അനുമതി നൽകിയിട്ടുണ്ട്. ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.